**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 856** **31-01-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലങ്കോട് കാർഷിക കോളേജിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച കൊല്ലങ്കോട് കാർഷിക കോളേജിന്റെ പ്രവർത്തനം തുടങ്ങുന്നതിന് പട്ടികജാതി വികസന വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന കാർഷിക കോളേജ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥലം ലോൺ എടുത്തതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈവശത്തിലായിരുന്നു. 2022 ആഗസ്റ്റ് മാസം ബഹുമാനപ്പെട്ട Debt Recovery tribunal ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തുക നൽകി പ്രസ്തുത വസ്തുവകകളുടെ കൈവശാവകാശവും അസ്സൽ രേഖകളും കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന് തിരികെ ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം ഏറ്റെടുക്കാൻ ആവശ്യമായി വരുന്ന സാമ്പത്തിക ബാധ്യത വഹിക്കുവാൻ പട്ടികജാതി വികസന വകുപ്പിന് കഴിയുമോയെന്നും, കഴിയുമെങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ടി ഭൂസ്വത്തുക്കളുടെ വിലനിർണ്ണയം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനും ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ടി ഭൂസ്വത്തുക്കളുടെ വില നിർണ്ണയം നടത്തി റിപ്പോർട്ട് ലഭ്യമായാൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കൊല്ലങ്കോട് കാർഷിക കോളേജ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | നെന്മാറ മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന കാർഷിക കോളേജ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ സ്ഥലം ലോൺ എടുത്തതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കൈവശത്തിലായിരുന്നു. 2022 ആഗസ്റ്റ് മാസം ബഹുമാനപ്പെട്ട Debt Recovery tribunal ഒറ്റത്തവണ |

| | | | |
|---|---|---|---|
| | | | തീർപ്പാക്കൽ പദ്ധതി പ്രകാരം തുക നൽകി പ്രസ്തുത വസ്തുവകകളുടെ കൈവശാവകാശവും അസ്സൽ രേഖകളും കൊല്ലങ്കോട് എഡ്യൂക്കേഷണൽ ചാരിറ്റബിൾ ട്രസ്റ്റിന് തിരികെ ലഭ്യമായിട്ടുണ്ട്. പ്രസ്തുത വിവരം സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം ഏറ്റെടുക്കാൻ ആവശ്യമായി വരുന്ന സാമ്പത്തിക ബാധ്യത വഹിക്കുവാൻ പട്ടികജാതി വികസന വകുപ്പിന് കഴിയുമോയെന്നും, കഴിയുമെങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ടി ഭൂസ്വത്തുക്കളുടെ വിലനിർണ്ണയം നടത്തി റിപ്പോർട്ട് ചെയ്യുന്നതിനും ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ അധികാരികളുമായി ബന്ധപ്പെട്ട് ടി ഭൂസ്വത്തുക്കളുടെ വില നിർണ്ണയം നടത്തി റിപ്പോർട്ട് ലഭ്യമായാൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ